പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1591 — 06/03/2017 ൽ മറുപടിക്ക്

**തെരുവ് നായ്ക്കളുടെ ആക്രമണം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി.മമ്മുട്ടി | | കെ.ടി. ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്കും ജീവൻ നഷ്ടമായവരുടെ ആശ്രിതർക്കും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ സഹായങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ടെന്നും എത്ര പേർക്ക് ആയത് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | എ) | തെരുവുനായ ആക്രമണത്തിൽ പരിക്കേറ്റവർക്ക് തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട, ഇലകമൺ ഗ്രാമ പഞ്ചായത്തുകളിൽ 3000/-രൂപയും തൃശ്ശൂർ ജില്ലയിൽ ചാഴൂർ, കൊണ്ടാഴി ഗ്രാമ പഞ്ചായത്തുകളിൽ 3,650/- രൂപയും പാലക്കാട് ജില്ലയിൽ 23 പേർക്കും മലപ്പുറം ജില്ലയിലെ വട്ടംകുളം, വാഴയൂർ, എടക്കര എന്നീ ഗ്രാമപഞ്ചായത്തിൽ നിന്ന് 43 പേർക്കും വയനാട് ജില്ലയിൽ കണിയാമ്പറ്റ ഗ്രാമ പഞ്ചായത്തിൽ ഒരാൾക്കും അതാത് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം നൽകിയിട്ടുണ്ട്. |
| ബി) ജനജീവിതത്തിന് ഭീഷണിയായ ആക്രമണകാരികളായ നായ്ക്കളെ കൊല്ലുന്നതിന് നിയമതടസ്സമുണ്ടോ; ഇല്ലെങ്കിൽ കുട്ടികളുൾപ്പെടെയുള്ള ജനങ്ങളെ ആക്രമിക്കുന്ന നായ്ക്കളെ കൊല്ലാതെ സംരക്ഷിക്കുന്നതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | ബി) | ഉണ്ട്. 1960 ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ ആക്ടിലെ 13-ാം വകുപ്പ് പ്രകാരം പേവിഷബാധയേറ്റ നായകളെ കൊല്ലുന്നത് മാത്രമേ അനുവദനീയമായുള്ളൂ. 2001 ലെ എ.ബി.സി. റൂൾ 9 പ്രകാരം മാരകമായി മുറിവേറ്റതും ഭേദമാകാത്ത അസുഖമുള്ളതുമായ നായകളെ മാത്രമേ കൊല്ലുവാൻ സാധിക്കുകയുള്ളൂ. |
| സി) ആക്രമണകാരികളല്ലാത്തവയെ വന്ധ്യംകരിക്കുന്ന നടപടി പൂർത്തിയാക്കിയിട്ടുണ്ടോ; എങ്കിൽ ഇതേവരെ എത്രയെണ്ണത്തിനെ (ആൺ/പെൺ ഇനം തിരിച്ച്) വന്ധ്യംകരിച്ചു എന്ന് വ്യക്തമാക്കുമോ; | സി) | ഇല്ല. പ്രസ്തുത നടപടി തുടർന്നു വരുന്നു. ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിന്ന് ആകെ 12,117 ഉം നഗരസഭാ പ്രദേശങ്ങളിൽ നിന്നും 10,996 ഉം നായ്ക്കളെ വന്ധ്യംകരിച്ചിട്ടുണ്ട്. |
| ഡി) ഇതിനായി എന്തു തുക വകയിരുത്തിയെന്നും എന്തു തുക ഇതേവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | ഡി) | എബിസി പ്രോഗ്രാം നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളിൽ 14,60,60,148/- രൂപ വകയിരുത്തുകയും 1,03,76,754/- രൂപാ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നഗര സഭകൾ എ.ബി.സി പദ്ധതിക്കായി 9,52,31,554/-രൂപ വകയിരുത്തുകയും 18,63,994/- ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ